## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

### (ഹാജർ: ഡോ. പി. കെ. ജയശ്രീ ഐ. എ. എസ്)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - പി.എസ്.സി.യുടെ അർഹത നിർണ്ണയ പരീക്ഷ പാസായി 13% ക്വാട്ടയിൽ കൃഷി ആഫീസർമാരായി പ്രൊമോഷൻ ലഭിക്കുന്നതിനു യോഗ്യരായ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും കാർഷിക ബിരുദം നേടി മൂന്നു വർഷത്തെ സേവന പരിചയം ഉൾപ്പെടെ പത്തു വർഷത്തെ സേവനം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും സംയുക്ത സീനിയോറിറ്റി പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുന്നു.

പരാമർശം:-

1) ബഹു.ഹൈക്കോടതിയുടെ 18.02.19 ലെ OP (KAT) No.274, 329/14, 263, 265, 266, 269, 270/17, 362, 363/18 എന്നീ കേസുകളിന്മേലുള്ള അന്തിമ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ 13.03.2019 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
3) ശ്രീ.മനോജ് ലൂക്കോസ്, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 15.03.2019 തീയതിയായുള്ള അപേക്ഷ.
4) കൃഷി ഓഫീസർ, കൃഷി ഭവൻ്. പനങ്ങാടിന്റെ 18.03.2019 തീയതിയായുള്ള അപേക്ഷ.
5) അനീഫ.ഇ.എം, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 18.03.2019 തീയതിയായുള്ള അപേക്ഷ.
6) ശ്രീ.രജീഷ് കുമാർ.ബി.കെ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 19.03.2019 തീയതിയായുള്ള അപേക്ഷ.
7) ശ്രീ.മ ുഹമ്മദ് നൌഷാദ്.എം, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 19.03.2019 തീയതിയായുള്ള അപേക്ഷ.
8) ശ്രീ.സതീഷ്.കെ.ആർ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ അപേക്ഷ.
9) ശ്രീ.സാബിർ.ബി, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ അപേക്ഷ.
10) കൃഷി ഓഫീസർ, കൃഷി ഭവൻ, ചിറ്റാരിപ്പറമ്പിന്റെ 18.03.2019 തീയതിയായുള്ള അപേക്ഷ.
11) ശ്രീ.അബ്ദുൾ നസീർ.വി.കെ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 16.03.2019 തീയതിയായുള്ള അപേക്ഷ.
12) ശ്രീ.ഐ.ബി.സതീഷ് കുമാർ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 18.03.2019 തീയതിയായുള്ള അപേക്ഷ.
13) കൃഷി ഓഫീസർ, കൃഷി ഭവൻ, കുന്നമംഗലത്തിന്റെ 21.03.2019 തീയതിയായുള്ള അപേക്ഷ.
14) നേമം കൃഷി ഓഫീസറുടെ 19.03.2019 തീയതിയിലെ കെ.ബി.എൽ.1/19 പ്രകാരമുള്ള കത്ത്.
15) ശ്രീ.അജിമോൻ.കെ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 15.03.2019 തീയതിയായുള്ള അപേക്ഷ.
16) ശ്രീ.പ്രകാശ് ക്രിസ്റ്റ്യൻ.ജി.എ, കൃഷി ഓഫീസറുടെ 23.02.2019 തീയതിയായുള്ള അപേക്ഷ.
17) ശ്രീമതി.അനിത.എസ്, കൃഷി അസിസ്റ്റന്റ് ിന്റെ 19.03.2019 തീയതിയായുള്ള അപേക്ഷ.
18) ശ്രീമതി.ബിനിഷ, കൃഷി ഓഫീസറുടെ 18.03.2019 തീയതിയായുള്ള അപേക്ഷ.

19) ശ്രീമതി.ഗായത്രിദേവി.എസ്, കൃഷി ആഫീസറുടെ 18.03.2019 തീയതിയായുള്ള അപേക്ഷ.
20) ശ്രീമതി.കെ.ബെൽസി ബാബു, കൃഷി ഓഫീസറുടെ 19.03.2019 തീയതിയായുള്ള അപേക്ഷ.
21) ശ്രീമതി.ബിന്ദു ജോർജ്ജ്, കൃഷി ഓഫീസറുടെ 16.03.2019 തീയതിയായുള്ള അപേക്ഷ.
22) KATSA ജനറൽ സെക്രട്ടറിയുടെ 21.03.2019 തീയതിയിലെ നിവേദനം.
23) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 97/2018/കൃഷി തീയതി 21.07.2018.

**ഉത്തരവ് നമ്പർ എസ്.ഇ (2) 20168/18 തീയതി 04.04.2019**

ഉപരി പരാമർശം (2) പ്രകാരം 13% ക്വാട്ടയിൽ കൃഷി ഓഫീസർമാരായി പ്രൊമോഷൻ ലഭിക്കുന്നതിലേയ്ക്കായി പി.എസ്.സി. നടത്തിയ അർഹതാനിർണ്ണയ പരീക്ഷ പാസ്സായ കൃഷി അസിസ്റ്റന്റ് /അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും കാർഷിക ബിരുദം നേടി 3 വർഷത്തെ സേവന പരിചയം ഉൾപ്പെടെ 10 വർഷത്തെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ് /അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും കരട് പട്ടിക അപേക്ഷകളും, പരാതികളും സ്വീകരിക്കുന്നതിലേയ്ക്കായി പരസ്യപ്പെടുത്തിയിരുന്നു. ആയതു പ്രകാരം പരാമർശം 3 മുതൽ 22 വരെ പരാതി ലഭ്യമായിട്ടുണ്ട്. ടി പരാതികൾ ബന്ധപ്പെട്ട രേഖകൾ പ്രകാരം വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം അന്തിമ പട്ടികയിൽ ഭേദഗതികൾ വരുത്തുന്നു.

ഉപരി പരാമർശം (3) പ്രകാരം ശ്രീ.മനോജ് ലൂക്കോസ്, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമ നമ്പർ 21) കരട് സീനിയോറിറ്റി പട്ടികയിൽ തന്റെ പേര് 'Manoj Lukos' എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 'Manoj Lukose' എന്ന് തിരുത്തി നല്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധന നടത്തി അന്തിമ പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നു.

പരാമർശം (4) പ്രകാരം ശ്രീ.റാബിൻ നിവാസ് കൃഷി അസിസ്റ്റന്റ് (ക്രമ നമ്പർ 14) തന്റെ പേരിന്റെ അപാകത തിരുത്തി നല്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് അന്തിമ പട്ടികയിൽ ഭേദഗതി വരുത്തുന്നു.

പരാമർശം (5) പ്രകാരം ശ്രീ.അനീഫ.ഇ.എം, കൃഷി അസിസ്റ്റന്റിന്റെ (ക്രമ നമ്പർ 20) തന്റെ സീനിയോറിറ്റി പട്ടികയിൽ പേര് ഹനീഷ.ഇ.എം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് അനീഫ.ഇ.എം എന്ന് തിരുത്തി നല്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് അന്തിമ പട്ടികയിൽ ഭേദഗതി വരുത്തുന്നു.

പരാമർശം (6) പ്രകാരം ശ്രീ.രജീഷ് കുമാർ.ബി.കെ, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമനമ്പർ 91) കരട് പട്ടികയിൽ തന്റെ പേര് Rajesh Kumar.B.K എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 'Rejeesh Kumar.B.K' എന്ന് തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആയത് പരിശോധിച്ച് അന്തിമ പട്ടികയിൽ തിരുത്തൽ വരുത്തുന്നു.

പരാമർശം (7) പ്രകാരം ശ്രീ.മുഹമ്മദ് നൌഷാദ്.എം, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമനമ്പർ 8) തന്റെ കരട് പട്ടികയിലെ പേര് Muhammed Nowshath എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 'Muhammed Nowshad.M' എന്ന് തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആയത് രേഖകൾ സഹിതം പരിശോധിച്ച് തിരുത്തൽ വരുത്തുന്നു.

പരാമർശം (8) പ്രകാരം ശ്രീ.സതീഷ്.കെ.ആർ, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമനമ്പർ 6) തന്റെ സേവനത്തിൽ പ്രവേശിച്ച തീയതി 22.11.2000 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ തിരുത്തി നല്കണമെന്ന് ആ വശ്യപ്പെട്ടിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് ടിയാളുടെ സേവനത്തിൽ പ്രവേശിച്ച തീയതി 27.11.2000 എന്നു തിരുത്തി നല്കുന്നു.

പരാമർശം (9) പ്രകാരം ശ്രീ.സാബിർ.ബി, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമനമ്പർ 63) തന്റെ ജനനതീയതി 26.05.1975 എന്ന് കരട് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റായിട്ടാണെന്നും ആയത് തിരുത്തി നല്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് ടിയാളുടെ ജനനത്തീയതി 25.05.1975 എന്നു തിരുത്തി അന്തിമ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

പരാമർശം (10) പ്രകാരം കരട് പട്ടികയിൽ ക്രമ നമ്പർ 26 ആയ ശ്രീ.സുനിൽ കുമാർ കൊയ് ലി തന്റെ പേരിലെ അപാകത തിരുത്തി നല്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ആയത് പരിശോധിച്ച് ടിയാളുടെ പേര് 'Sunil Kumar Koyili' എന്നു തിരുത്തുന്നു.

പരാമർശം (11) പ്രകാരം ശ്രീ.അബ്ദുൾ നസീർ.വി.കെ,, അസിസ്റ്റന്റ് കൃഷി ഓഫീസർ (ക്രമനമ്പർ 51) തന്റെ പേര് 'Abdul Nazer.V.K' എന്നത് 'Abdul Nazeer.V.K' എന്ന് തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആയത് രേഖകൾ സഹിതം പരിശോധിച്ച് തിരുത്തുന്നു.

പരാമർശം (12) ലെ അപേക്ഷ പ്രകാരം ശ്രീ.ഐ.ബി.സതീഷ് കുമാർ, (ക്രമ നമ്പർ 36) അസിസ്റ്റന്റ് കൃഷി ഓഫീസറുടെ സേവനത്തിൽ പ്രവേശിച്ച തീയതി 27.11.2000 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് ടിയാളുടെ സേവനത്തിൽ പ്രവേശിച്ച തീയതി 04.12.2000 എന്നു തിരുത്തുന്നു.

പരാമർശം (13) പ്രകാരം (ക്രമ നമ്പർ 47) ശ്രീ.ശ്യാംദാസ് പുളിയ പൊറ്റമേൽ തന്റെ സീനിയോറിറ്റി പട്ടികയിലെ പേര് തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് ടിയാളുടെ പേര് Shyamdas Puliyapottammel എന്നു തിരുത്തുന്നു.

പരാമർശം (14) പ്രകാരം ശ്രീ.മധുസൂദനൻ നായർ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ (ക്രമ നമ്പർ 55) പേര് സംബന്ധിച്ച അപാകത തിരുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ആയത് Madhusoodhanan Nair.S എന്നു തിരുത്തുന്നു.

പരാമർശം (15) പ്രകാരം (ക്രമനമ്പർ 56) ശ്രീ.അജിമോൻ, അസിസ്റ്റന്റ് കൃഷി ഓഫീസർ തന്റെ ജനനതീയതിയിലെ (11.07.1970) തെറ്റ് തിരുത്തുന്നതിന് അപേക്ഷിച്ചിരിക്കുന്നു. ആയത് വിശദമായി പരിശോധിച്ച് ടിയാളുടെ ജനനത്തീയതി അന്തിമ പട്ടികയിൽ 11.03.1970 എന്നു തിരുത്തുന്നു.

21.07.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 97/18/കൃഷി പ്രകാരം കാർഷിക ബിരുദം നേടിയ ശേഷം 3 വർഷത്തെ സേവന പരിചയം ഉൾപ്പെടെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയവരെ മാത്രമെ കൃഷി ഓഫീസർ തസ്തികയുടെ 13% ക്വാട്ടയിൽ പരിഗണിക്കുവാൻ നിർവ്വാഹമുള്ളു.

ആകയാൽ പരാമർശം 16 മുതൽ 21 വരെയുള്ള അപേക്ഷകളിൽ ആരും തന്നെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടി അപേക്ഷകൾ നിലവിലെ ഉത്തരവുകൾ പ്രകാരം പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിക്കുന്നു.

പരാമർശം 22 പ്രകാരമുള്ള നിവേദനം പരാമർശം 23 പ്രകാരമുള്ള ഉത്തരവുമായി വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കരട് പട്ടികയിൽ ഉൾപ്പെട്ട ക്രമ നമ്പർ 144 ശ്രീ.എം.എസ്.വിമൽ കുമാർ ക്രമ നമ്പർ 209 ശ്രീ.പി.എസ്.ഗിരീഷ് എന്നിവരുടെ സേവന ചരിത്രം പരിശോധിച്ചതിൽ ടി ജീവനക്കാർ കൃഷി അസിസ്റ്റന്റ് തസ്തികയിൽ 7 വർഷത്തെ സേവന പരിചയം മാത്രമെ പൂർത്തിയാക്കിയിട്ടുള്ളൂ എന്ന് കാണുന്നു. ആകയാൽ പരാമർശം 23 പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് മേൽ ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലാത്തതിനാൽ അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും അന്തിമ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ടി ലിസ്റ്റിനെ സംബന്ധിച്ച് ഏതെങ്കിലും കോടതി കേസുകൾ ഉണ്ടെങ്കിൽ ആയതിന്റെ അന്തിമ വിധിയ്ക്ക് വിധേയമായിട്ട് ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതായിരിക്കും.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

**സ്വീകർത്താവ്**

**ബന്ധപ്പെട്ട ജീവനക്കാർക്ക് ( പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖാന്തിരം)**

**പകർപ്പ് :-**

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) ഐ.റ്റി.സെൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
3) കരുതൽ ഫയൽ / അധികം.

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram

ksk -010419